ENTRI

1 Crore User Downloads

# CURRENT AFFAIRS 09 JUNE 2025

▷ **ഐക്യരാഷ്ട്രസഭയുടെ പൊതുസഭയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ജർമനിയുടെ മുൻ വിദേശകാര്യ മന്ത്രി**

**അന്നലീന ബെയർബോക്ക്**



അന്നലീന ബെയർബോക്ക്

---

▷ **ദക്ഷിണ കൊറിയയുടെ പുതിയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്**

**ലീ ജെ മ്യുങ്**

- മുൻ പ്രസിഡന്റ് യൂൻ സൂക് യോൾ ഇംപീച്ച്മെന്റിലൂടെ പുറത്താക്കപ്പെട്ടതിനെ തുടർന്നാണ് പുതിയ തിരഞ്ഞെടുപ്പ് നടന്നത്.



ലീ ജെ മ്യുങ്

---

▷ **2025 ലെ യുവേഫ ചാമ്പ്യൻസ് ലീഗ് ഫുട്ബോൾ കിരീട ജേതാക്കൾ**

**പിഎസ്ജി**

- ഫൈനലിൽ ഇന്റർ മിലാനെ പരാജയപ്പെടുത്തിയാണ് പിഎസ്ജി കിരീടം സ്വന്തമാക്കിയത്.




---

▷ **2025 ജൂണിൽ വിഴിഞ്ഞം തുറമുഖത്തെത്തിയ ലോകത്തെ ഏറ്റവും വലിയ ചരക്ക് കപ്പൽ**

**എംഎസ്സി ഐറിന**

- എംഎസ്സി ഐറിന എത്തുന്ന രാജ്യത്തെ ആദ്യ തുറമുഖമാണ് വിഴിഞ്ഞം.
- 399.9 മീറ്റർ നീളവും 61.3 മീറ്റർ വീതിയുമുള്ള എംഎസ്സി ഐറിനക്ക് 24,346 ടിഇയു (ട്വന്റി ഫൂട്ട് ഇക്വലന്റ് യൂണിറ്റ്- 20 അടി നീളമുള്ള കണ്ടെയ്നറിനെയാണ് ഒരു ടിഇയു ആയി കണക്കാക്കുന്നത്) വഹിക്കാൻ കഴിയും.
- 2023ലാണ് ഐറിന പ്രവർത്തനം ആരംഭിച്ചത്.



---

▷ **ഡൽഹി മുതൽ ഗുജറാത്ത് വരെ വ്യാപിച്ചുകിടക്കുന്ന 700 കിലോമീറ്റർ ദൈർഘ്യമുള്ള ആരവല്ലി പർവതനിരയിൽ വനവൽക്കരണം നടത്തുന്നതിനുള്ള കേന്ദ്രസർക്കാർ പദ്ധതി**

**ആരവല്ലി ഗ്രീൻ വാൾ പദ്ധതി**

---

▷ **ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ഒരുകോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി ആരംഭിച്ച ക്യാമ്പയിൻ**

**ഒരു തൈ നടാം**

